(5) നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

2017 മേയ് 17-ാം തീയതി സമ്മേളനം ആരംഭിച്ചയുടൻ, നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി

"നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കണമെന്നത് സംബന്ധിച്ച് നിരവധി റൂളിംഗുകളും ഓർമ്മപ്പെടുത്തലുകളും ചെയറിൽനിന്നും ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഇക്കാര്യത്തിൽ ഗുണപരമായ പുരോഗതി ഉണ്ടാകുന്നില്ല എന്നതും ഇതുസംബന്ധിച്ച പരാതികൾ വീണ്ടും ഉയരുന്നു എന്നതും ചെയറിനെ അസ്വസ്ഥതപ്പെടുത്തുന്നു. പ്രതിപക്ഷനേതാവ് 10-05-2017-ന് നൽകിയ കത്തിൽ അന്നേ ദിവസത്തേയ്ക്ക് നോട്ടീസ് നൽകിയിരുന്ന 333 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 19 എണ്ണത്തിന് മാത്രമേ സമയപരിധിക്കുള്ളിൽ ഉത്തരം നൽകിയിരുന്നുള്ളൂവെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ പ്രസ്തുത പരാതി വസ്തുതാപരമാണെന്നും അന്നേ ദിവസത്തെ കുറേ ചോദ്യങ്ങൾക്കുള്ള മറുപടി തൊട്ടടുത്ത ദിവസങ്ങളിൽ നൽകിയിരുന്നതായും കാണുകയുണ്ടായി. 244 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കാനുണ്ട്. ഇത് അങ്ങേയറ്റം നിരാശാജനകമാണ്. ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച പരാതികൾ വീണ്ടും സഭാതലത്തിൽ ഉയർന്നുവരുന്നതും അവ

ഓരോന്നിന്റെയും പേരിൽ ചെയറിൽനിന്നും ആവർത്തിച്ച് റൂളിംഗുകൾ ഉണ്ടാകുന്നതും ഒഴിവാക്കപ്പെടേണ്ടതാണ്. വിവരാവകാശ നിയമംമൂലം സാധാരണ ജനങ്ങൾക്കുപോലും വിവരങ്ങൾ യഥാസമയം ലഭ്യമാകുന്ന സാഹചര്യം നിലവിലുള്ളപ്പോൾ ബഹുമാനപ്പെട്ട സാമാജികർ 10 ദിവസങ്ങൾക്കുമുമ്പ് എഴുതി സമർപ്പിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകാതിരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ന്യായീകരണം പര്യാപ്തമാകുമെന്ന് കരുതുന്നില്ല. ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിന് അതത് മന്ത്രിമാരുടെ ഓഫീസുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ ഏകോപനം ഉണ്ടാകേണ്ടതായിട്ടുണ്ട്. നാലാം സമ്മേളനം അവസാനിക്കുന്ന ദിവസം ബഹുമാനപ്പെട്ട ആറ് മന്ത്രിമാർ തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്ന തരത്തിലുള്ള പരാതിക്കോ വിശദീകരണങ്ങൾക്കോ ചെയറിൽനിന്ന് ആവർത്തിച്ചുള്ള റൂളിംഗുകൾക്കോ ഇടവരുത്താത്ത വിധത്തിൽ മേലിൽ ചോദ്യങ്ങൾക്കുള്ള മറുപടികൾ ചട്ടം നിഷ്കർഷിക്കുന്ന പ്രകാരംതന്നെ ലഭ്യമാക്കുന്ന കാര്യത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പരാതികൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു. അഞ്ചാം സമ്മേളനം ഈ മാസം 25-ാം തീയതി അവസാനിക്കുകയാണ്. ഇനിയും ആറ് ദിവസമാണ് സഭ സമ്മേളിക്കാനിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ സമ്മേളന കാലത്ത് ലഭിച്ച ചോദ്യങ്ങൾക്കുള്ള

നോട്ടീസുകളിൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ള എല്ലാ ചോദ്യങ്ങൾക്കും സമ്പൂർണ്ണ മറുപടി 25-ാം തീയതിക്കകംതന്നെ നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഈ സമ്മേളനം അവസാനിക്കുന്ന സന്ദർഭത്തിൽ സമ്മേളന നടപടികളെ സംബന്ധിച്ച സംക്ഷിപ്ത വിവരണം നടത്തുമ്പോൾ മറുപടി ലഭ്യമാകാത്ത ചോദ്യങ്ങളെ സംബന്ധിച്ച് പരാമർശമുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും അറിയിക്കുന്നു.”